# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പതിനൊന്ന്

## വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും

Sat

ഈ ദൂതിൽ നാം വിശുദ്ധീകരണം എന്ന വിഷയത്തിലേക്കു വരുന്നു. എബ്രായലേഖനംപോലെ മറ്റൊരു പുസ്തകവും വിശുദ്ധീകരണത്തെക്കുറിച്ച് ഇത്രയേറെ സംസാരിക്കുന്നില്ല. നമുക്ക് വിശുദ്ധി ഉണ്ടായിരിക്കണമെന്നത് തികച്ചും അത്യന്താപേക്ഷിതമാണ്, കാരണം അതില്ലാതെ നമുക്ക് ദൈവസന്നിധിൽ ജീവിക്കുവാൻ കഴിയുകയില്ല. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ കാണുവാൻ കഴിയില്ലെന്ന് 12:14-ൽ നമ്മോടു പറഞ്ഞിട്ടുണ്ട്. എങ്കിലും, വിശുദ്ധീകരണം എന്തെന്നു നിർവചിക്കാൻ വളരെ പ്രയാസമാണ്. വിശുദ്ധീകരണം എന്താണെന്ന് മനസിലാക്കുന്നതിനായി, വിശുദ്ധീകരണം അഥവാ വിശുദ്ധി എന്ന വിഷയം പഠിപ്പിക്കുന്ന വിവിധ ക്രൈസ്തവ ചിന്താധാരകളുടെ ഒരല്പം പശ്ചാത്തലം നാം കാണേണ്ടതാവശ്യമാണ്. വിശുദ്ധീകരണം എന്താണെന്ന് പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള തിരുവെഴുത്തുകളിൽ പൂർണമായി വെളിപ്പെടുത്തിയിട്ടുണ്ട്. തിരുവെഴുത്തുകളിൽ ഇതു വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും, അത് ഏറെക്കുറെ നഷ്ടപ്പെട്ടു. നവീകരണത്തിന്റെ സമയത്ത്, ദൈവം തന്റെ എല്ലാ സത്യങ്ങളെയും പ്രത്യുദ്ധരിക്കുവാൻ തുടങ്ങി. ദൈവം പ്രത്യുദ്ധരിച്ച ഒന്നാമത്തെ സത്യം വിശ്വാസത്താലുള്ള നീതീകരണമായിരുന്നു. കഴിഞ്ഞ അഞ്ഞൂറു വർഷത്തെ സഭാചരിത്രം നിങ്ങൾ വായിക്കുമെങ്കിൽ, ദൈവം നീതീകരണത്തെ പ്രത്യുദ്ധരിച്ചതിനുശേഷം, അടുത്തതായി പ്രത്യുദ്ധരിക്കപ്പെട്ടത് വിശുദ്ധീകരണമായിരുന്നെന്ന് നിങ്ങൾ കണ്ടെത്തും. എന്നാൽ നീതീകരണംപോലെ വ്യക്തമായ ഒരു രീതിയിൽ വിശുദ്ധീകരണം പ്രത്യുദ്ധരിച്ചിരുന്നില്ല. നീതീകരണംപോലും, അതു വ്യക്തമായി പ്രത്യുദ്ധരിക്കപ്പെട്ടിരുന്നെങ്കിലും, പൂർണമായി പ്രത്യുദ്ധരിച്ചിരുന്നില്ല. അനുഭവനിഷ്ഠമായിട്ടല്ല, മറിച്ച് വസ്തുനിഷ്ഠമായിട്ടായിരുന്നു അത് പ്രത്യുദ്ധരിക്കപ്പെട്ടിരുന്നത്. റോമാലേഖനത്തിന്റെ ജീവപഠനത്തിൽ നാം ഇത് കണ്ടിരുന്നു. എങ്കിലും, വിശ്വാസത്താലുള്ള നീതീകരണത്തെ പ്രത്യുദ്ധരിച്ചതിനുശേഷം, വിശുദ്ധീകരണത്തിന്റെ

പ്രത്യുദ്ധാരം പിന്നാലെ വന്നു, എങ്കിലും അതു പിന്നാലെ വന്നത് പൂർണമായും കൃത്യമല്ലാത്ത ഒരു രീതിയിലായിരുന്നു.

വിശുദ്ധീകരണം എന്താണെന്ന് പ്രത്യുദ്ധരിക്കുവാൻ ദൈവം ഉപയോഗിച്ച ആദ്യത്തെ വ്യക്തി ആരാണെന്ന് പറയുവാൻ നമുക്കു കഴിയില്ല. എന്നാൽ, പ്രത്യുദ്ധാരത്തിന്റെ ചരിത്രമനുസരിച്ച്, പതിനെട്ടാം നൂറ്റാണ്ടിൽ ഓക്സ്ഫോർഡിലെ ഒരു കൂട്ടം സർവകലാശാലാ വിദ്യാർഥികളെ — ജോൺ വെസ്ലി, ചാൾസ് വെസ്ലി, ജോർജ്ജ് വൈറ്റ്ഫീൽഡ് എന്നിവരെ — ദൈവം ഉപയോഗിച്ചു. ഈ ചെറുപ്പക്കാർ ഒരു യോഗം ആരംഭിച്ചു. സിൻസെൻഡോർഫിന്റെ നേതൃത്വത്തിൻകീഴിലുള്ള മൊറേവിയൻ സഹോദരന്മാരുടെ സഹായത്താൽ ദൈവം ജോൺ വെസ്ലിയെ എഴുന്നേല്പിച്ചു. മൊറേവിയൻ സഹോദരന്മാർ രക്ഷയെക്കുറിച്ച് വ്യക്തമായി അറിയുവാൻ ജോൺ വെസ്ലിയെ സഹായിച്ചു. അമേരിക്കയിൽ സംസാരിക്കുവാൻ വെസ്ലി ക്ഷണിക്കപ്പെട്ടിരുന്നു. അപ്പോൾപോലും അവന്റെ രക്ഷയെക്കുറിച്ച് അവന് വ്യക്തമായിരുന്നില്ല. അമേരിക്കയിലേക്കുള്ള യാത്രാമധ്യേ പടകിൽ വച്ചായിരുന്നു മൊറേവിയൻ സഹോദരന്മാരിൽനിന്നും ഇക്കാര്യത്തിൽ അവന് സഹായം ലഭിച്ചത്. അമേരിക്കയിൽ കുറച്ചുകാലം ചെലവഴിച്ചതിനുശേഷം വെസ്ലി യൂറോപ്പിലേക്കു മടങ്ങിപ്പോകുകയും, സിൻസെൻഡോർഫും മറ്റുള്ളവരും സഭാജീവിതം അനുഷ്ഠിക്കുവാൻ തുടങ്ങിയ സ്ഥലമായ ബോഹേമിയ സന്ദർശിക്കുകയും ചെയ്തു. ജോൺ വെസ്ലി അവിടെയായിരുന്നപ്പോൾ അവരിൽനിന്നും അവന് ഏറ്റവും അധികം സഹായം ലഭിച്ചു. ഇംഗ്ലണ്ടിനുവേണ്ടി തനിക്ക് ഭാരം ഉണ്ടായിരുന്നില്ലെങ്കിൽ തന്റെ ശിഷ്ടകാലം മുഴുവൻ ബൊഹേമിയയിൽത്തന്നെ കഴിയുമായിരുന്നുവെന്ന് തന്റെ എഴുത്തുകളിലൊന്നിൽ അവൻ പറയുന്നു. അവനെ സംബന്ധിച്ചിടത്തോളം, അവിടെയായിരുന്നു ദൈവം വസിച്ചിരുന്നത്. എങ്കിലും, ഇംഗ്ലണ്ടിലേക്കു മടങ്ങുവാൻ വെസ്ലിക്ക് ഭാരമുണ്ടായി. ജോൺ വെസ്ലിയുടെ കീഴിലുള്ള ഉണർവ്വ് ഇംഗ്ലണ്ടിനെ വിപ്ലവത്തിൽനിന്നും രക്ഷിച്ചുവെന്ന് ചരിത്രത്തിൽനിന്നും നമുക്കറിയാം. ജോൺ വെസ്ലിയുടെ പ്രസംഗത്തിന്റെ സ്വാധീനത്തിന്റെ വ്യാപ്തിയെ ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇതു പറയുന്നത്.

ജോൺ വെസ്ലിയും ജോർജ്ജ് വൈറ്റ്ഫീൽഡും ഉൾപ്പെടുന്ന ഓക്സ്ഫോർഡിലെ വിദ്യാർഥികളുടെ സംഘം തങ്ങളെത്തന്നെ നിയന്ത്രിക്കാനും തിരുത്താനും പെരുമാറാനും, സമ്പ്രദായങ്ങൾ എന്ന് വിളിക്കുന്ന, ചില നിയന്ത്രണങ്ങൾ കൈക്കൊണ്ടു. ഈ സമ്പ്രദായങ്ങളാൽ അവരെത്തന്നെ നിയന്ത്രിക്കുന്നതിൽ അവർ വളരെ കർശനക്കാരായിരുന്നു. ശരിയായ ജീവിതം ഉണ്ടായിരിക്കുന്നതിനായി ജോൺ വെസ്ലിയും മറ്റുള്ളവരും ഈ സമ്പ്രദായങ്ങൾ

പാലിച്ചുപോന്നു. അത്തരത്തിലുള്ള ജീവിതം വിശുദ്ധമാണെന്ന പരിഗണനയിൽ അവർ എത്തിച്ചേർന്നു. ഇതാണ് പാപംകൂടാതെയുള്ള തികവായ, പാപരഹിതമായ തികവായി, മെതഡിസ്റ്റുകൾ അനുഷ്ഠിക്കുന്ന വിശുദ്ധി. നസറായ സഭയും ദൈവസഭയും (Church of God) അസംബ്ലി ഓഫ് ഗോഡും ഇന്ന് മെതഡിസ്റ്റുകളുടെ വിശുദ്ധിയുടെ അതേ ചിന്താധാരയിലെ ഒരു തരം വിശുദ്ധിയാണ് അനുഷ്ഠിക്കുന്നത്.

പിന്നീട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജോൺ നെൽസൺ ഡാർബിയുടെ നേതൃത്വത്തിൻകീഴിൽ ബ്രദറൻ എഴുന്നേല്പിക്കപ്പെട്ടു. പാപരഹിതമായ തികവല്ല വിശുദ്ധിയെന്ന് വേദപുസ്തകത്തിൽനിന്നും ബ്രദറൻ കാണിച്ചു. മത്തായി 23:17 ഉപയോഗിച്ചുകൊണ്ട്, ആലയം എങ്ങനെ സ്വർണത്തെ വിശുദ്ധീകരിച്ചുവെന്ന് അവർ കാണിച്ചു. ആലയമായിരുന്നു സ്വർണത്തെ വിശുദ്ധമാക്കിയത്. ചന്തസ്ഥലത്തെ സ്വർണം, അതിൽ പാപകരമായ യാതൊന്നും ഇല്ലെങ്കിലും, ദൈവത്തിനു സമർപ്പിക്കാതെയും ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ വയ്ക്കാതെയും ഇരിക്കുന്നിടത്തോളം അതു വിശുദ്ധമല്ലെന്ന് ഈ ബ്രദറൻ ഉപദേഷ്ടാക്കന്മാർ ചൂണ്ടിക്കാണിച്ചു. ദൈവത്തിനു സമർപ്പിച്ച് വിശുദ്ധമന്ദിരത്തിൽ വയ്ക്കുമ്പോൾ മാത്രമായിരുന്നു സ്വർണം വിശുദ്ധീകരിക്കപ്പെടുന്നത്. അവരുടെ വാദം വളരെ ശക്തമായിരുന്നു, ആർക്കും അവരെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. കൂടാതെ, മത്തായി 23:20 ഉപയോഗിച്ചുകൊണ്ട്, കർത്താവായ യേശുവിന്റെ വാക്കുകളനുസരിച്ച് യാഗപീഠം യാഗത്തെ വിശുദ്ധീകരിക്കുന്നുവെന്ന് ബ്രദറൻ ഉപദേഷ്ടാക്കന്മാർ കാണിച്ചു. ഒരു കാളയോ ഒരു ആട്ടിൻകുട്ടിയോ തൊഴുത്തിലായിരിക്കുമ്പോൾ പാപമില്ലാത്തതും കുറവൊന്നുമില്ലാത്തതും ആയിരിക്കാം. എങ്കിലും അത് സാമാന്യമായിരുന്നു. അതിനെ യാഗപീഠത്തിൽ ദൈവത്തിനു സമർപ്പിക്കുന്നതുവരെ അത് വിശുദ്ധമായിരുന്നില്ല, സമർപ്പിക്കുന്ന സമയത്ത് അത് വിശുദ്ധീകരിക്കപ്പെടുന്നു എന്ന് അവർ വാദിച്ചു. ഉപദേശപരമായി പറഞ്ഞാൽ, വിശുദ്ധിയെന്നത് പാപരഹിതമായ തികവാണെന്ന പഠിപ്പിക്കലിന് തിരുവെഴുത്തുകളിൽ യാതൊരു അടിസ്ഥാനവുമില്ലെന്നും അത് വിശുദ്ധിയെക്കുറിച്ചുള്ള ഒരു മാനുഷിക ധാരണയാണെന്നും തെളിയിച്ചുകൊണ്ട്, ആ ഉപദേശത്തെ ബ്രദറൻ പരാജയപ്പെടുത്തി. ഉപദേശപരമായ സംവാദങ്ങൾക്കു പേരുകേട്ട ബ്രദറൻ, വിശുദ്ധന്മാരുടെ പ്രാർഥനയാൽ ഭക്ഷണം വിശുദ്ധീകരിക്കപ്പെടുന്നുവെന്ന 1 തിമൊഥെയൊസ് 4:4-5-ഉം ഉദ്ധരിച്ചു. ആ ഭക്ഷണം ചന്തസ്ഥലത്തായിരിക്കുമ്പോൾ, അത് സാമാന്യ ഭക്ഷണമാണ്. അതിൽ യാതൊരു കുറവും ഇല്ലാതിരിക്കുകയും, യാതൊരു പാപവും ഇല്ലാതിരിക്കുകയുമാവാം, എങ്കിലും അത് സാമാന്യമാണ്.

എന്നാൽ, അതേ ഭക്ഷണം വിശുദ്ധരുടെ തീൻമേശയിൽ വയ്ക്കുകയും വിശുദ്ധന്മാർ പ്രാർഥിക്കുകയും ചെയ്യുമ്പോൾ, വിശുദ്ധന്മാരുടെ പ്രാർഥനയാൽ അതു വിശുദ്ധീകരിക്കപ്പെടുന്നു. ഈ വാക്യങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട്, വിശുദ്ധീകരണം അർഥമാക്കുന്നത് ഒരു സ്ഥാനമാറ്റമാണെന്ന് ബ്രദറൻ ഉപദേഷ്ടാക്കന്മാർ കാണിച്ചു. വിശുദ്ധീകരണം മൊത്തത്തിൽ സ്ഥാനപരമായ ഒരു കാര്യമാണെന്ന് അവർ പറഞ്ഞു. ഉദാഹരണത്തിന്, കടയിലിരിക്കുമ്പോൾ സ്വർണം സാമാന്യമാണ്, എന്നാൽ അതിനെ ആലയത്തിൽ വയ്ക്കുമ്പോൾ അതു വിശുദ്ധമാണ്. അതിന്റെ സ്ഥാനം മാറിയിരിക്കുന്നു. അതുപോലെ, ഒരു ആട്ടിൻകുട്ടി തൊഴുത്തിലായിരിക്കുമ്പോൾ, അതു സാമാന്യമാണ്, എന്നാൽ അതിനെ യാഗപീഠത്തിൽ വയ്ക്കുമ്പോൾ അതു വിശുദ്ധമാണ്. ചന്തസ്ഥലത്തിരിക്കുന്ന ഭക്ഷണവും സാമാന്യമാണ്, എന്നാൽ വിശുദ്ധരുടെ പ്രാർഥനയാൽ അത് വിശുദ്ധീകരിക്കപ്പെടുന്നു. അതിനാൽ, ഈ വാക്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ, വിശുദ്ധി സ്ഥാനമാറ്റത്തെയാണു അർഥമാക്കുന്നതെന്ന് ബ്രദറൻ പഠിപ്പിച്ചു. തുടക്കത്തിൽ, നമ്മുടെ സ്ഥാനം ലൗകികമായിരുന്നു, ഒരിക്കലും ദൈവത്തിനുവേണ്ടി അല്ലായിരുന്നു. നാം ദൈവത്തിനായി വേർതിരിക്കപ്പെട്ടപ്പോൾ നമ്മുടെ സ്ഥാനം മാറുകയും അതിന്റെ ഫലമായി നാം വിശുദ്ധരായിത്തീരുകയും ചെയ്യുന്നു.

ബ്രദറന്റെ ഈ പഠിപ്പിക്കൽ മൊത്തത്തിൽ ശരിയാണ്. നിരവധി വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ വിശുദ്ധീകരണത്തെക്കുറിച്ചുള്ള വിവിധ ചിന്താധാരകളെ പഠിച്ചപ്പോൾ, ബ്രദറന്റെ പഠിപ്പിക്കലിനോടു ഞങ്ങൾ യോജിച്ചു. പാപരഹിതമായ തികവ് യഥാർഥ വിശുദ്ധിയല്ലെന്ന് ഞങ്ങൾ കണ്ടു. എങ്കിലും, വിശുദ്ധിയെന്നത് സ്ഥാനപരമായ ഒരു കാര്യമാണെങ്കിലും, ഞങ്ങൾ പുതിയനിയമം പഠിച്ചപ്പോൾ, വിശുദ്ധി, വിശുദ്ധീകരണം എന്നത് കേവലം സ്ഥാനപരമായ ഒരു കാര്യമല്ല, മറിച്ച് സ്വഭാവപരമായ ഒരു കാര്യമാണെന്നും ഞങ്ങൾ കണ്ടെത്തി. വിശുദ്ധീകരണമെന്നത് നമ്മുടെ സ്ഥാനം മാറുന്ന ഒരു കാര്യം മാത്രമല്ല, പിന്നെയോ നമ്മുടെ സ്വഭാവമാറ്റത്തിന്റെ ഒരു കാര്യവുമാണ്. അതെ, ആലയത്താൽ സ്വർണം വിശുദ്ധീകരിക്കപ്പെടുന്നതിനെക്കുറിച്ചും യാഗപീഠത്താൽ യാഗം വിശുദ്ധീകരിക്കപ്പെടുന്നതിനെക്കുറിച്ചും വിശുദ്ധന്മാരുടെ പ്രാർഥനയാൽ ഭക്ഷണം വിശുദ്ധീകരിക്കപ്പെടുന്നതിനെക്കുറിച്ചും പറയുന്ന വാക്യങ്ങളനുസരിച്ച്, അവിടെ വിശുദ്ധീകരണത്തിനുള്ള സ്ഥാനപരമായ ഒരു വശം ഉണ്ടെന്നതിന് സംശയമില്ല.. എന്നാൽ യവനഭാഷയനുസരിച്ച് *വിശുദ്ധീകരണം* എന്ന പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന റോമർ 6-ഉം നാം പരിഗണിക്കേണ്ടത് ആവശ്യമാണ് (വാ. 19, 22).

ഈ രണ്ടു വാക്യങ്ങളിൽ കിംഗ് ജെയിംസ് ഭാഷ്യം *വിശുദ്ധീകരണം* എന്നതിനു പകരം *വിശുദ്ധി* എന്ന പദം ഉപയോഗിക്കുന്നു. ഈ പദങ്ങൾ തമ്മിൽ ഒരു വ്യത്യാസമുണ്ട്, വിശുദ്ധിയിൽ അനുഭവം ഉൾപ്പെടുന്നില്ല, എന്നാൽ വിശുദ്ധീകരണത്തിൽ അനുഭവത്തിന്റെ ഒരു അളവിനെ സൂചിപ്പിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നു. നിങ്ങൾ റോമർ 6 വായിച്ചാൽ, അത് സ്ഥാനത്തിന്റെ കാര്യത്തെയല്ല, സ്വഭാവത്തിന്റെ കാര്യത്തെ സംബന്ധിച്ചാണെന്നു നിങ്ങൾ കാണും. അതു നമ്മുടെ സ്ഥാനത്തെ മാത്രമല്ല സ്പർശിക്കുന്നത്; അതു നമ്മുടെ സ്വഭാവത്തെ സ്പർശക്കുവാൻ ആഴത്തിൽ പോകുന്നു.

റോമർ 6-ലെന്നപോലെ എബ്രായർ 2-ൽ വിശുദ്ധി മുഖ്യമായും ദൈവത്തിന്റെ ദിവ്യസ്വഭാവത്തെ പരാമർശിക്കുന്നു. വിശുദ്ധീകരണം എന്നത് ദൈവത്തിന്റെ ദിവ്യസ്വഭാവത്തെ നമ്മുടെ ആളത്തത്തിലേക്കു പകർന്നുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയെ നമ്മിലേക്കു പണിതുചേർക്കുന്നതാണ്. ഇത് സ്ഥാനപരമായ വിശുദ്ധീകരണമല്ല; ഇത് സ്വഭാവപരമായ വിശുദ്ധീകരണമാണ്. ഈ വിശുദ്ധീകരണത്തിൽ, ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ ദിവ്യസ്വഭാവംകൊണ്ട് നമ്മുടെ ആളത്തത്തിന്റെ ആന്തരിക ഭാഗങ്ങളെയെല്ലാം സാന്ദ്രീകരിക്കുന്നു. ഇത് ദൈവത്തിന്റെ വിശുദ്ധിയെ നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും പണിതുചേർക്കുന്നതാണ്. നമുക്കിതിനെ സ്വഭാവപരമായ വിശുദ്ധീകരണം എന്നുവിളിക്കാം.

ഇനി നാം "വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരുമെല്ലാം ഒരുവനിൽ നിന്നാകുന്നു" എന്നു പറയുന്ന എബ്രായർ 2:11-ലേക്കു വരുന്നു (പ്രത്യുദ്ധാര ഭാഷ്യം). *ഒരുവനിൽ നിന്നാകുന്നു* എന്ന പ്രയോഗം സ്ഥാനത്തെയാണോ സ്വഭാവത്തെയാണോ പരാമർശിക്കുന്നത്? "വിശുദ്ധീകരിക്കുന്നവൻ" ക്രിസ്തുവും, "വിശുദ്ധീകരിക്കപ്പെടുന്നവർ" നാമും ആണെന്നതിന് സംശയമില്ല.. അതിനാൽ ക്രിസ്തുവും നാമും എല്ലാം ഒരുവനിൽ നിന്നാണ്. *നിന്ന്* എന്ന യവനപദത്തിന്റെ യഥാർഥ അർഥം ഒരുവനിൽനിന്ന് എന്നാണ്. ഇതിനർഥം, വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരുമായ ക്രിസ്തുവും നാമും, എല്ലാവരും ഏക പിതാവെന്ന ഏക ഉറവിടത്തിൽനിന്നുള്ളവരാകുന്നു എന്നാണ് അർഥമാക്കുന്നത്. ഉറവിടം തീർച്ചയായും സ്ഥാനത്തെയല്ല, പ്രകൃതത്തെയാണ്, സ്വഭാവത്തെയാണ് പരാമർശിക്കുന്നത്. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും, എല്ലാവരും ഒരു ഉറവിടത്തിൽ നിന്നാണ്, ഒരു പിതാവിൽ നിന്നാണ്. പിതാവാണ് വിശുദ്ധീകരിക്കുന്നവന്റെ ഉറവിടവും, അവനാണ് വിശുദ്ധീകരിക്കപ്പെടുന്ന എല്ലാവരുടെയും ഉറവിടവും. ഇത് സ്ഥാനത്തിന്റെയല്ല, പിന്നെയോ സ്വഭാവത്തിന്റെ കാര്യമാണ്.

"ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല" എന്ന് വാക്യം 11-ന്റെ ബാക്കി ഭാഗം പറയുന്നു. *ഇക്കാരണത്താൽ* എന്ന വാക്കിനാൽ ഏതു കാരണത്തെയാണു പരാമർശിച്ചത്? അവനും നാമെല്ലാവരും ഒരേ പിതാവിൽനിന്നും, ഒരേ ഉറവിടത്തിൽനിന്നും എന്ന കാരണത്താൽ. ഇക്കാരണത്താൽ, നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ അവൻ ലജ്ജിക്കുന്നില്ല.

ഈ രാജ്യത്തുള്ള അനേകരും നായ്ക്കളെ ഇഷ്ടപ്പെടുന്നു. ഒരു നായയെ നിങ്ങളുടെ സഹോദരൻ എന്നു വിളിക്കുവാൻ നിങ്ങൾക്കിഷ്ടമാണോ? "പ്രിയ സഹോദരാ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് ഒരു നായയോടു നിങ്ങൾ പറയുമോ? തീർച്ചയായും ഇല്ല. നമ്മിലാരും ഒരു നായയെ നമ്മുടെ സഹോദരൻ എന്നു വിളിക്കില്ല. അങ്ങനെ ചെയ്യുന്നതിൽ നാം ലജ്ജിക്കും. നമുക്ക് നാലു കാലുകളും ഒരു വാലും ഇല്ല. നാം മനുഷ്യരാണ്. രണ്ടുപേരും ഒരേ ഉറവിടത്തിൽ നിന്നല്ലെങ്കിൽ നാം ഒരാളെ സഹോദരൻ എന്നു വിളിക്കുകയില്ല. ഒരേ ഉറവിടത്തിൽ നിന്നാണെങ്കിൽ മാത്രമേ ഒരാളെ സഹോദരൻ എന്നു വിളിക്കുന്നതിൽ നാം ലജ്ജി ക്കാതിരിക്കുന്നത്. അതുപോലെ, ക്രിസ്തുവും നാമും പിതാവിൽ നിന്നായതുകൊണ്ട് നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ അവൻ ലജ്ജിക്കുന്നില്ല. അവനും നാമും ഒരേ ഉറവിടത്തിൽ നിന്നുള്ളവരാണ്. തൽഫലമായി, അവനും നമുക്കും ഒരേ ജീവനും, പ്രകൃതവും, സ്വഭാവവും ഉണ്ട്. ഈ ഒരു വാക്യത്തിലൂടെ, ഇവിടെ പറയുന്ന വിശുദ്ധീകരണം പാപരഹിതമായ തികവോ കേവലം സ്ഥാനപരമായ മാറ്റമോ അല്ലെന്ന് നമുക്കു കാണുവാൻ കഴിയും. അതിനെക്കാൾ ആഴമേറിയതും ഉയർന്നതുമാണിത്. ഇത് സ്വഭാവപരമായ ഒരു മാറ്റമാണ്.

നാം കണ്ടതുപോലെ, ക്രിസ്ത്യാനികൾക്കിടയിൽ വിശുദ്ധിയെയോ വിശുദ്ധീകരണത്തെയോ സംബന്ധിച്ച് മൂന്നു ചിന്താധാരകളുണ്ട്. വിശുദ്ധിയെന്നത് പാപരഹിതമായ തികവിന്റെ കാര്യമാണെന്ന് ഒന്നാമത്തെ ചിന്താധാര പഠിപ്പിക്കുന്നു. ഇത് തീർത്തും തിരുവെഴുത്തിൻ പ്രകാരമല്ല. ഈ പഠിപ്പിക്കലിന് തിരുവെഴുത്തുകളിൽ യാതൊരു അടിത്തറയുമില്ല. രണ്ടാമത്തേത് അവകാശപ്പെടുന്നത് വിശുദ്ധി സ്ഥാനപരമാകുന്നു എന്നാണ്. ഇതിന്തിരുവെഴുത്തുകളിൽ ശക്തമായ ഒരു അടിസ്ഥാനമുണ്ടെ ങ്കിലും, തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്ന വിശുദ്ധിയെയും വിശുദ്ധീകരണത്തെയുംകുറിച്ച് സകലവും ഉൾപ്പെടുത്തിയി ട്ടില്ല. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വിശുദ്ധിയിലും, വിശുദ്ധീകരണത്തിലും, സ്വഭാവപരമായ രൂപാന്തരവും സ്ഥാനപരമായ മാറ്റവും ഉൾപ്പെടുന്നു. എബ്രായർ 2 പറയുന്നത് സ്ഥാനപരമായ വശത്തെയല്ല, സ്വഭാവപരമായ വശത്തെയാണ്.

2:11-ലെ വിശുദ്ധീകരണം സ്ഥാനത്തെ സംബന്ധിച്ചല്ല, സ്വഭാവത്തെ സംബന്ധിച്ച്, പ്രകൃതത്തെയും ഉറവിടത്തെയും സംബന്ധിച്ചാണ്.

വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു. ഇക്കാരണത്താൽ, നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ അവൻ ലജ്ജിക്കുന്നില്ല. മറിച്ച്, അവനും നാമും ഒരേ ഉറവിടത്തിൽനിന്നായതുകൊണ്ട്, നമ്മെ സഹോദരന്മാർ എന്നു വിളിക്കുന്നത് അവനു മഹത്വകരമാണ്. അവൻ പിതാവിൽനിന്നും വന്നിരിക്കുന്നു, നാമും പിതാവിൽനിന്നു വന്നിരിക്കുന്നു. നാം കർത്താവിനോട് ഇങ്ങനെ പറയണം, "കർത്താവായ യേശുവേ, നിനക്ക് പിതാവിന്റെ ജീവൻ ഉണ്ട്, ഞങ്ങൾക്കും അതുണ്ട്. നിനക്ക് പിതാവിന്റെ ദിവ്യസ്വഭാവമുണ്ട്, ഞങ്ങൾക്കും അതുണ്ട്. ഞങ്ങൾ നിന്റെ സഹോദരന്മാരാണ്. കർത്താവേ, ഞങ്ങൾ നീ ആകുന്നതുപോലെ അതേ ഉറവിടത്തിൽ നിന്നുള്ളവരാണ്."

ഇതാണ് വിശുദ്ധീകരണത്തിന്റെ അടിസ്ഥാന ആശയം, റോമർ 6-ലും എബ്രായർ 2-ലും കാണപ്പെടുന്ന വിശുദ്ധീകരണം.

## I. വിശുദ്ധീകരിക്കുന്നവൻ

### A. ജഡാവതാരം ചെയ്ത ദൈവപുത്രൻ

ആരാണ് വിശുദ്ധീകരിക്കുന്നവൻ? ദൈവപുത്രനാണ് വിശുദ്ധീകരിക്കുന്നവൻ. തന്റെ ആരംഭ സ്ഥിതിയിലും തന്റെ ജഡാവതാരത്തിനുമുമ്പും ദൈവപുത്രന് നമ്മെ വിശുദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഇന്ന് വിശുദ്ധീകരിക്കുന്നവൻ ദൈവപുത്രൻ മാത്രമല്ല, ജഡാവതാരം ചെയ്ത ദൈവപുത്രനും ആണ്. അവൻ ജഡാവതാരം ചെയ്തിരുന്നില്ലെങ്കിൽ, അവനു നമ്മെ വിശുദ്ധീകരിക്കുവാൻ കഴിയുമായിരുന്നില്ല. ഇതു ഞാൻ ശക്തമായി പറയുന്നു. വിശുദ്ധീകരണത്തെക്കുറിച്ചുള്ള നിങ്ങളുടെ ധാരണയനുസരിച്ച് അവനു നിങ്ങളെ വിശുദ്ധീകരിക്കുവാൻ കഴിയുമായിരുന്നുവെങ്കിലും, ദൈവത്തിന്റെ വ്യവസ്ഥയനുസരിച്ച് അവനു നിങ്ങളെ വിശുദ്ധീകരിക്കുവാൻ കഴിയുമായിരുന്നില്ല.

### B. ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനും, തേജസ്കരിക്കപ്പെട്ടവനും, മഹത്വീകരിക്കപ്പെട്ടവനുമായ മനുഷ്യപുത്രൻ

ജഡാവതാരം ചെയ്തവനെന്ന നിലയിൽ ക്രിസ്തു മനുഷ്യപുത്രനാണ്. ക്രൂശിക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും, തേജസ്കരിക്കപ്പെടുകയും, മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നതുവരെ ഈ മനുഷ്യപുത്രന് നമ്മെ വിശുദ്ധീകരിക്കുവാൻ കഴിഞ്ഞില്ല. ഇവ നമ്മെ വിശുദ്ധീകരിക്കുന്നവൻ ആയിരിക്കാനുള്ള

അവന്റെ യോഗ്യതകളാണ്. അവന്റെ മനുഷ്യത്വം ദൈവത്തിൽനിന്നു ജനിക്കേണ്ടതിനും നമ്മെ വിശുദ്ധീകരിക്കുന്നവൻ എന്ന സ്ഥാനത്തിലേക്കു തേജസ്കരിക്കപ്പെടേണ്ടതിനും മഹത്വീകരിക്കപ്പെടേണ്ടതിനും ജഡാവതാരം ചെയ്ത ദൈവപുത്രന് മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോകേണ്ട ആവശ്യമുണ്ടായിരുന്നു.

## C. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ ഉളവാക്കപ്പെട്ടു

വിശുദ്ധീകരിക്കുന്നവനായിരിക്കുവാൻ, ക്രിസ്തു ദൈവത്തിന്റെ ആദ്യജാതനായ പുത്രനായി ഉളവാക്കപ്പെടണമായിരുന്നു (1:6). യേശു ക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്നതിനുമുമ്പ്, ദൈവത്തിന് ആദ്യജാതനായ പുത്രൻ ഉണ്ടായിരുന്നില്ല. അവന് ഏകജാതനായ പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആദ്യജാതനായ പുത്രനും ഏകജാതനായ പുത്രനും തമ്മിലുള്ള വ്യത്യാസം എന്താണ്? ഏകജാതനായ പുത്രനെന്ന നിലയിൽ ക്രിസ്തുവിന് മനുഷ്യപ്രകൃതം ഉണ്ടായിരുന്നില്ല. അവന് ദിവ്യപ്രകൃതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ ജഡാവതാരം ചെയ്തപ്പോൾ, അവൻ മനുഷ്യപ്രകൃതം ധരിച്ചു. അവന്റെ ഭൂമിയിലെ ജീവിതത്തിന്റെ മുപ്പത്തിമൂന്നര വർഷം ഒരു സ്ഥാനാന്തര അവസ്ഥയായിരുന്നു. ഒരു വശത്ത്, അവൻ അപ്പോഴും ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു: മറുവശത്ത്, അവൻ മനുഷ്യപ്രകൃതം ധരിച്ചിരുന്നു. അവന്റെ ഉള്ളിലുള്ള ദിവ്യപ്രകൃതം ദൈവപുത്രനായിരുന്നു, എന്നാൽ മനുഷ്യപ്രകൃതം ദൈവപുത്രനല്ലായിരുന്നു. അതുകൊണ്ട്, ആ മുപ്പത്തിമൂന്നര വർഷത്തിൽ, യേശു തികച്ചും വിചിത്രനായിരുന്നു. അവന് ദിവ്യപ്രകൃതം ഉണ്ടായിരുന്നു - അത് ദൈവപുത്രനായിരുന്നു — എന്നാൽ അവന് മനുഷ്യപ്രകൃതവും ഉണ്ടായിരുന്നു, അത് ദൈവപുത്രനായിരുന്നില്ല. ആ മനുഷ്യപ്രകൃതം ദൈവത്തിൽനിന്നു ജനിച്ചതായിരുന്നില്ല. അവന്റെ ദിവ്യപ്രകൃതം എന്ന ദിവ്യത്വമനുസരിച്ച്, അവൻ ദൈവപുത്രനായിരുന്നു. എന്നാൽ, അവന്റെ പുനരുത്ഥാനത്തിനുമുമ്പ്, ദൈവത്തിൽനിന്നു ജനിക്കാത്ത ഒന്ന് — മനുഷ്യപ്രകൃതം — അവനുണ്ടായിരുന്നു. ആ മാനുഷിക ഭാഗം ദൈവത്തിൽനിന്നു ജനിക്കുന്നതിനുവേണ്ടി അവൻ മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോകേണ്ടതാവശ്യമാണ്. സങ്കീർത്തനം 2:7 ഇതിനുള്ള ശക്തമായ ഒരു അടിസ്ഥാനമാണ്: "നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു." സങ്കീർത്തനം 2:7-ൽ പ്രവചിച്ചിരിക്കുന്നത് പുനരുത്ഥാന ദിവസത്തിൽ നിറവേറി. പ്രവൃത്തികൾ 13:33-ലൂടെ ഇതു തെളിയിക്കപ്പെടുന്നു, അവിടെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ പരാമർശിച്ചുകൊണ്ട്, സങ്കീർത്തനം 2-ൽ നിന്നുള്ള ഈ വാക്യം ഉദ്ധരിക്കുന്നു. പുനരുത്ഥാനദിവസത്തിൽ ക്രിസ്തു തന്റെ മനുഷ്യപ്രകൃതത്തിൽ ദൈവപുത്രനായി ജനിപ്പിക്കപ്പെട്ടു. ഇതിനുശേഷം, അവൻ

ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. ഇപ്പോൾ, ആദ്യജാതനായ പുത്രനെന്ന നിലയിൽ അവന് ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവും ഉണ്ട്. ദൈവത്തിന്റെ ഏകജാതനായ പുത്രനെന്ന നിലയിൽ അവന് മനുഷ്യപ്രകൃതം ഉണ്ടായിരുന്നില്ല. തന്റെ ജഡാവതാരത്തിനുശേഷം അവൻ ഭൂമിയിലായിരുന്നപ്പോൾ അവന് മനുഷ്യപ്രകൃതം ഉണ്ടായിരുന്നെങ്കിലും, ആ മുപ്പത്തിമൂന്നര വർഷത്തിൽ അവന്റെ മനുഷ്യപ്രകൃതം ദൈവത്തിൽനിന്നു ജനിച്ചിട്ടില്ലായിരുന്നു. അവന്റെ പുനരുത്ഥാനത്തിലൂടെയാണ് അവന്റെ ആളത്തത്തിന്റെ ആ മാനുഷിക ഭാഗം ദൈവത്തിൽനിന്നു ജനിച്ചത്. ഈ ജനനത്തിലൂടെ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രന് ദിവ്യപ്രകൃതം മാത്രം ഉണ്ടായിരിക്കുകയും, മനുഷ്യപ്രകൃതം ഇല്ലാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ യേശുവിന് ഇന്ന് രണ്ടു പ്രകൃതങ്ങളും ഉണ്ട്. ഇത് ഒരു ചെറിയ കാര്യമല്ല; ഇതൊരു വലിയ കാര്യമാണ്.

ഞാൻ നിങ്ങളോടു ചോദിക്കട്ടെ, നിങ്ങൾ ദൈവത്തിന്റെ പുത്രന്മാരാണോ? അതെ എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ, നിങ്ങൾ എന്തുതരം ദൈവപുത്രന്മാരാണ്? നിങ്ങൾ ആദ്യജാതനെപ്പോലെയാണോ അതോ ഏകജാതനെപ്പോലെയാണോ? നാം ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവുമുള്ള ദൈവപുത്രന്മാരായതുകൊണ്ട് നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രനെപ്പോലെയാണ്. നാം ഏകജാതനായ പുത്രനനുസരിച്ചുള്ള ദൈവപുത്രന്മാരല്ല, പിന്നെയോ ദൈവത്തിന്റ ആദ്യജാതനായ പുത്രനനുസരിച്ചുള്ള ദൈവപുത്രന്മാരാണ്.

Mon — ദൈവത്തിന്റെ ഏകജാതനായ പുത്രന് നമ്മെ വിശുദ്ധീകരിക്കുവാൻ കഴിയാത്തതും ദൈവത്തിന്റെ ആദ്യജാതനായ പുത്രന് നമ്മെ വിശുദ്ധീകരിക്കുവാൻ കഴിയുന്നതും എന്തുകൊണ്ടാണെന്ന് ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അവന് നമ്മെപ്പോലെ രണ്ടു പ്രകൃതങ്ങളുള്ളതുകൊണ്ടും, അവനുള്ളതുപോലെ അതേ പ്രകൃതങ്ങൾ നമുക്കുള്ളതുകൊണ്ടും ആദ്യജാതന് നമ്മെ വിശുദ്ധീകരിക്കുവാൻ കഴിയും. നമ്മെ വിശുദ്ധീകരിക്കുന്നവൻ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമല്ല; അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനാണ്, അവന് മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും ഉണ്ട്. അവനും നാമും ഒരേ രണ്ടു പ്രകൃതങ്ങൾ ഉള്ളവരായതുകൊണ്ട്, അവനു നമ്മെ വിശുദ്ധീകരിക്കുവാൻ കഴിയും. ആദ്യജാതൻ ഉളവാക്കപ്പെട്ടപ്പോൾ മാത്രമാണ് വിശുദ്ധീകരിക്കുന്നവന് തന്റെ വിശുദ്ധീകരിക്കുന്ന വേല ചെയ്യുവാൻ അവന്റെ ഉദ്യോഗസ്ഥാനത്തിലേക്കു വരുവാൻ കഴിഞ്ഞുള്ളൂ.

ഇതിനർഥം, അവന് ജഡാവതാരം, ക്രൂശീകരണം, പുനരുത്ഥാനം, തേജസ്കരണം, മഹത്വീകരണം എന്നീ പ്രക്രിയകളിലൂടെ കടന്നുപോകണമായിരുന്നു എന്നാണ്. ഈ പ്രക്രിയയിലൂടെ കടന്നുപോയശേഷം, അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ ഉളവാക്കപ്പെട്ടു. ഇതാണ് നമ്മെ വിശുദ്ധീകരിക്കുന്നവൻ. നമ്മെ വിശുദ്ധീകരിക്കുന്നവനായിരിക്കുവാൻ അവൻ യോഗ്യനും, വിശുദ്ധീകരിക്കപ്പെടുവാൻ നാം യോഗ്യരും ആകുന്നു.

വിശുദ്ധീകരിക്കുന്നവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുവും, വിശുദ്ധീകരിക്കപ്പെടുന്നവർ ദൈവത്തിന്റെ അനേകം പുത്രന്മാരായ ക്രിസ്തുവിന്റെ വിശ്വാസികളുമാണ്. ആദ്യജാതനായ പുത്രനും ദൈവത്തിന്റെ അനേകം പുത്രന്മാരും പുനരുത്ഥാനത്തിൽ ഒരേ പിതാവായ ദൈവത്തിൽനിന്നു ജനിച്ചവരാണ് (പ്രവൃത്തി. 13:33; 1 പത്രൊ. 1:3). ആദ്യജാതനായ പുത്രനും ദൈവത്തിന്റെ അനേകം പുത്രന്മാരും ദിവ്യ ജീവനിലും സ്വഭാവത്തിലും ഒരുപോലെയാണ്. ഇക്കാരണത്താൽ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ അവൻ ലജ്ജിക്കുന്നില്ല.

## II. വിശുദ്ധീകരിക്കപ്പെടുന്നവർ

### A. ദൈവത്താൽ അനുനയപ്പെട്ട പാപികൾ

നാമാണ് വിശുദ്ധീകരിക്കപ്പെടുന്നവർ എന്നതിനു സംശയമില്ല. വിശുദ്ധീകരിക്കപ്പെടുന്നവർ, ക്രിസ്തു ദൈവത്തോട് അനുനയപ്പെടുത്തിയ പാപികളാണ് (2:17). പാപികളെന്ന നിലയിൽ നമുക്കു ദൈവവുമായി പ്രശ്നങ്ങൾ ഉണ്ടായിരുന്നു. വിശുദ്ധീകരിക്കുന്നവന് ദൈവവുമായി പ്രശ്നങ്ങളുണ്ടായിരുന്ന ആളുകളെ എങ്ങനെ വിശുദ്ധീകരിക്കുവാൻ കഴിഞ്ഞു? അത് അസാധ്യമാകുമായിരുന്നു. അതുകൊണ്ട്, കർത്താവായ യേശു നമുക്കുവേണ്ടി പ്രായശ്ചിത്തമായി (2:17). ഇതെന്താണ് അർഥമാക്കുന്നത്? നമ്മുടെ സാഹചര്യത്തിനുവേണ്ടി ക്രിസ്തു ദൈവത്തെ പ്രീണിപ്പിച്ചു എന്നാണ് ഇതിന്റെ ലളിതമായ അർഥം. നാം ദൈവവുമായി പ്രശ്നങ്ങളുള്ള ഒരു ജനമായിരുന്നെങ്കിലും, ഇപ്പോൾ, അവന്റെ അനുനയത്തിലൂടെ, നമുക്ക് അവനുമായി യാതൊരു പ്രശ്നവുമില്ല. നമുക്കു ദൈവവുമായി യാതൊരു പ്രശ്നവുമില്ലെന്ന ഉറപ്പ് നമുക്കുണ്ടെന്ന് ധൈര്യത്തോടെ നമുക്കു പ്രഖ്യാപിക്കുവാൻ കഴിയും. ഇപ്പോഴും നിങ്ങൾക്ക് ദൈവവുമായി ഒരു പ്രശ്നമുണ്ടെന്ന് ഒരുപക്ഷേ നിങ്ങൾക്കു തോന്നുന്നുണ്ടാകും. നിങ്ങളുടെ തോന്നലുകളെ വിശ്വസിക്കരുത്. നിങ്ങളുടെ തോന്നലുകൾക്ക് യാതൊരു അർഥവുമില്ല. വിശുദ്ധ വചനമാണ് സകലവും, ക്രിസ്തു നമുക്കുവേണ്ടി ദൈവത്തെ പ്രീണിപ്പിച്ചുവെന്ന് വിശുദ്ധ വചനം പറയുന്നു.

## B. മരണത്തിനിരയായവർ വിടുവിക്കപ്പെട്ടു

പാപികളായ നമുക്ക് അനുനയം ആവശ്യമായിരുന്നു വെന്നു മാത്രമല്ല, നാം മരണത്തിന് ഇരകളും ആയിരുന്നു. നമ്മുടെ ഭാഗധേയവും ലാക്കും മരണമായിരുന്നു. ഹല്ലേലൂയ്യാ, മരണത്തിന്റെ അടിമത്തത്തിൽനിന്നും നാം വിടുവിക്കപ്പെട്ടിരിക്കുന്നു (2:15)! ദൈവം അനുനയപ്പെട്ടിരിക്കുന്നു എന്നതും നാം മരണത്തിൽനിന്നു വിടുവിക്കപ്പെട്ടിരിക്കുന്നു എന്നതുമായ ധാരണ വളരെ ആഴമുള്ളതാണ്. രണ്ടും എബ്രായർ 2-ൽ വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ദൈവം അനുനയപ്പെട്ടും നാം വിടുവിക്കപ്പെട്ടുമിരിക്കുന്നു. നാം ദൈവവുമായി പ്രശ്നങ്ങളില്ലാത്ത ഒരു ജനവും, മരണഭീതിയാൽ അടിമപ്പെടാത്ത ഒരു ജനവുമാണ്. നാം സ്വതന്ത്രരും മോചിതരും വിടുവിക്കപ്പെട്ടവരും മുക്തരാക്കപ്പെട്ടവരുമാണ്. നാം സ്വതന്ത്രമാക്കപ്പെട്ട ഒരു ജനമാണ്. ആർക്കാണു നമ്മെ വീണ്ടും അടിമപ്പെടുത്തുവാൻ കഴിയുന്നത്? അമേരിക്കയെ ഒരു സ്വാതന്ത്ര ദേശമായി ജനം പലപ്പോഴും സംസാരിക്കാറുണ്ട്. തീർച്ചയായും വിശ്വാസികളായ നാം യഥാർഥ സ്വതന്ത്ര ദേശത്തിലാണ്.

## C. ദൈവത്തിന്റെ അനേകം പുത്രന്മാർ ജനിപ്പിക്കപ്പെട്ടു

വിശുദ്ധീകരിക്കപ്പെട്ടവരായിരിക്കുവാൻ, നമുക്ക് മറ്റൊരു കാര്യം ആവശ്യമാണ് — ദൈവപുത്രന്മാരായി ഉല്പാദിപ്പിക്കപ്പെടണം. ദൈവത്തിന്റെ അനേകം പുത്രന്മാർ ജനിപ്പിക്കപ്പെടണമായിരുന്നു. പ്രതിലോമവശത്ത്, നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള അനുനയവും മരണത്തിന്റെ ദാസ്യത്തിൽനിന്നുള്ള വിടുതലും നമുക്കുണ്ട്; അനുലോമവശത്ത്, ദൈവത്തിന്റെ അനേകം പുത്രന്മാരായി നാം ഉളവാക്കപ്പെട്ടിരിക്കുന്നു, ജനിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ശുദ്ധീകരണവേലയുടെ അർഥം, ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ ദൈവത്തിന്റെ അനേകം പുത്രന്മാരിൽ പ്രവർത്തിക്കുന്നു എന്നതാണ്. ഇതിനർഥം വിശുദ്ധീകരിക്കുന്നവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനും, വിശുദ്ധീകരിക്കപ്പെടുന്നവർ ദൈവത്തിന്റെ അനേകം പുത്രന്മാരും ആകുന്നു എന്നാണ്. ആദ്യജാതൻ ഇപ്പോൾ അവന്റെ അനേകം സഹോദരന്മാരിൽ പ്രവർത്തിക്കുന്നു. അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായതുകൊണ്ട് വിശുദ്ധീകരിക്കുന്നവനായിരിക്കുവാനും, നാം ദൈവത്തിന്റെ അനേകം പുത്രന്മാരായതുകൊണ്ട് വിശുദ്ധീകരിക്കപ്പെടുവാനും യോഗ്യരാകുന്നു. അവൻ ജഡാവതാരം, ക്രൂശീകരണം, പുനരുത്ഥാനം, തേജസ്കരണം, മഹത്വീകരണം എന്നിവയിലൂടെ യോഗ്യനാക്കപ്പെട്ടു. ഈ പ്രക്രിയയിലൂടെ കടന്നുപോയശേഷം, അവൻ ദൈവത്തിന്റെ

ആദ്യജാതനായ പുത്രനായിത്തീർന്നു. വിശുദ്ധീകരിക്കപ്പെടുന്നവർ ആയിരിക്കുവാനുള്ള നമ്മുടെ യോഗ്യത, നമ്മുടെ പാപങ്ങൾക്കുവേണ്ടി നമുക്ക് അനുനയമുണ്ട് എന്നതും, മരണത്തിന്റെ അടിമത്തത്തിൽനിന്നും നാം മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതും, ദൈവത്തിന്റെ അനേകം പുത്രന്മാരായിരിക്കുവാൻ നാം ജനിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതുമാണ്. ഇപ്പോൾ അവനും നാമും യോഗ്യതയുള്ളവരാണ്. അവൻ യോഗ്യതയുള്ള വിശുദ്ധീകരിക്കുന്നവനും, നാം യോഗ്യതയുള്ള വിശുദ്ധീകരിക്കപ്പെടുന്നവരും ആണ്. വിശുദ്ധീകരിക്കപ്പെടുവാൻ നിങ്ങൾ യോഗ്യരാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? തെരുവിലെ ജനം യോഗ്യരല്ല, എന്നാൽ നാം ക്രിസ്തുവിന്റെ അനുനയത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും പൂർണമായി യോഗ്യതയുള്ളവരാണ്.

## III. വിശുദ്ധീകരണം

### A. അനേകം പുത്രന്മാരെ ദൈവത്തിനായി വേർതിരിക്കുന്നതിന്

വിശുദ്ധീകരണമെന്നാൽ ദൈവത്തിനായി വേർതിരിച്ചിരിക്കുന്നു എന്നാണർഥം (റോമ. 6:19, 22). നമ്മുടെ വീണ്ടുംജനന സമയത്ത് നാം ദൈവത്തിൽനിന്നു ജനിച്ചവരാണെങ്കിലും, ഇപ്പോഴും നാം ദൈവത്തിന് പൂർണമായി വേർതിരിക്കപ്പെട്ടിട്ടില്ല. വിശുദ്ധീകരണത്തിൽ ഈ പ്രവൃത്തി നിർവഹിക്കപ്പെടുന്നു.

### B. അവരുടെ ആളത്തത്തിൽ അവരെ രൂപാന്തരപ്പെടുത്തുന്നതിന്

രണ്ടാമതായി, വിശുദ്ധീകരണ പ്രക്രിയയിൽ നമ്മുടെ ആളത്തത്തിൽ നാം രൂപാന്തരപ്പെടുന്നു (2 കൊരി. 3:18). രൂപാന്തരത്തിന്റെ ഈ കാര്യം സ്ഥാനപരമല്ല; ഇത് മൊത്തത്തിൽ സ്വഭാവപരമാണ്. രൂപാന്തരത്തിൽ നാം ജീവമൂലകം മുഖാന്തരം ചയാപചയപരമായി മാറ്റപ്പെടുന്നു. ഇത് പുറമെയുള്ള ഒരു മാറ്റമോ ക്രമീകരണമോ അല്ല; ഇത് അകമെയുള്ള ഒരു ചയാപചയ മാറ്റം, ജീവമൂലകം എന്ന മുഖാന്തരത്താലുള്ള ഒരു ജൈവിക മാറ്റമാണ്.

### C. ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അവരെ അനുരൂപപ്പെടുത്തുന്നതിന്

രൂപാന്തരത്തിന്റെ ഫലമായി, ഒടുവിൽ നാം അവന്റെ സ്വരൂപത്തോട് അനുരൂപരാകും (റോമ. 8:29). നമ്മുടെ ആദാമ്യ സ്വഭാവത്തെ ക്രിസ്തുവിന്റെ സ്വഭാവമായി മാറ്റുന്നതാണ് രൂപാന്തരം.

ദൈവത്തിന്റെ അനേകം പുത്രന്മാരായ നമ്മെ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്തുന്നതാണ് അനുരൂപീകരണം. ഇതും ശുദ്ധീകരണ പ്രക്രിയയുടെ ഒരു ഭാഗമാണ്.

### D. ദൈവത്തിന്റെ തേജസ്സിനാൽ അവരെ തേജസ്കരിക്കേണ്ടതിന്

രൂപാന്തരവേലയെ അടിസ്ഥാനമാക്കിയുള്ള അനുരൂപീകരണവേല തേജസ്കരണത്തിൽ കലാശിക്കും (റോമ. 8:30; കൊലൊ. 3:4). ശുദ്ധീകരണ പ്രക്രിയയിൽ നാം ദൈവത്തിന്റെ തേജസ്സിനാൽ തേജസ്കരിക്കപ്പെടും. ഇത് രക്ഷാനായകനെക്കുറിച്ചുള്ള ദൂതുകളിൽ പൂർണമായി ഉൾപ്പെടുത്തിയിരുന്നു.

ഇപ്പോൾ വിശുദ്ധീകരണം എന്താണെന്ന് നാം കണ്ടുകഴിഞ്ഞു. ഇത് ദൈവത്തിന്റെ വീണ്ടുംജനിച്ച പുത്രന്മാരെ ദൈവത്തിനായി വേർതിരിക്കുന്നതിനും, ചയാപചയമായും ജൈവികമായും ദിവ്യജീവന്റെ മൂലകത്താൽ അവരെ രൂപാന്തരപ്പെടുത്തുന്നതിനും, അവന്റെ സ്വരൂപത്തോട് അവരെ അനുരൂപപ്പെടുത്തുന്നതിനും, അവന്റെ തേജസ്സിനാൽ അവരെ തേജസ്കരിക്കുന്നതിനുമാണ്. ഇതാണ് പൂർണമായ സ്വഭാവപരമായ ശുദ്ധീകരണം.

## IV. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരുമെല്ലാം ഒരുവനിൽനിന്നാകുന്നു

വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരുമെല്ലാം ഒരുവനിൽനിന്നാണെന്ന് നാം കണ്ടു. ഇത് അർഥമാക്കുന്നത് അവരെല്ലാം ഒരു പിതാവിൽ നിന്നുള്ളവരാകുന്നു എന്നാണ്. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഒരേ പിതാവിൽനിന്നു ജനിച്ച പുത്രന്മാരാണ്. അവനും നാമും ഒരേ പിതാവിൽനിന്നു ജനിച്ചതിനാൽ, നാം അവന്റെ സഹോദരന്മാരാണ്. നാമും അവനും ഒരേ ഉറവിടത്തിൽനിന്നു വന്നവരും, നാം ഒരേ ജീവനും സ്വഭാവവും പങ്കിടുന്നവരും ആണ്. ദൈവത്തിന്റെ തേജസ്സിനാൽ നാം തേജസ്കരിക്കപ്പെട്ടവരാകേണ്ടതിന്, നാം സ്വാഭാവികരായിരിക്കുന്നതിൽനിന്നു രൂപാന്തരപ്പെടുവാനും, അവന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടുവാനും ഈ ജീവനിലും സ്വഭാവത്തിലും നാം ഇപ്പോൾ അവന്റെ ശുദ്ധീകരണ വേലയിൻകീഴിലാണ്. ഇതാണ് ശുദ്ധീകരണം.